പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2340

05.02.2018 ൽ മറുപടിക്ക്

## നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലം സർക്കാർ പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലയിൽ നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാറയുടെയും മറ്റ് നിർമ്മാണസാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | പാറയുടെയും മറ്റു നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള |

അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.
6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.
7. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ / ചെളി എന്നിവ ശേഖരിച്ചു വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
8. അന്യ സംസ്ഥാനത്തു നിന്നും / വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സി) നിർമ്മാണ സാമഗ്രികൾ കൂടുതൽ ലഭ്യമാക്കുന്നതിന് വേണ്ടി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനും അവിടെ നിന്ന് അവ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും ധാതുക്കൾ കേരളത്തിലേക്ക് എത്തിക്കുന്നതിന് സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകിവരുന്നു. മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിൽപ്പന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അന്യ

സംസ്ഥാനത്തുനിന്നും നിയമാനുസൃതം ധാതുക്കൾ കൊണ്ടുവരുന്നതിനും വിൽപ്പന നടത്തുന്നതിനും നിലവിൽ തടസ്സങ്ങളില്ല.

Manjusha

**സെക്ഷൻ ഓഫീസർ**